**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 23/07/2026

1. ഫാം ഇൻഫൊർമേഷൻ ബ്യൂറോ കുട്ടനാട് FM 90.0യിൽ കുട്ടനാടിന്റെ കൃഷി സമൃദ്ധി, കർഷകരുടെ സംശയങ്ങളും അവയ്ക്കുള്ള മറുപടിയും എന്ന പരിപാടിയിൽ **തേനീച്ച വളർത്തൽ കാലാനുസൃതമായ പരിചരണവും മറ്റു സംശയങ്ങളും** കർഷകർക്ക് ചോദിക്കാം . 24/7/2026 ന് വെള്ളിയാഴ്ച ഉച്ചയ്ക്ക് 2 മുതൽ 4 വരെ മാവേലിക്കര ഹോർട്ടിക്കോർപ്പ് തേനീച്ച വളർത്തൽ കേന്ദ്രത്തിലെ എപ്പിക്കൾച്ചർ റീജിയണൽ മാനേജർ സുനിൽ ബി. മറുപടി നൽകുന്നു. 9995219523 എന്ന നമ്പരിൽ ബന്ധപ്പെടാം.

2 . മൃഗസംരക്ഷണം, ക്ഷീരവികസനം, ഗ്രാമീണ വികസനം എന്നീ മേഖലകളിൽ പുതിയ സാങ്കേതിക ആശയങ്ങളും നവീകരണങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി **'വെട്രിക്സ് 2026'** (VETRIX 2026 – Rural Vet Dairy Innovation Summit & Ideathon) സംഘടിപ്പിക്കുന്നു. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി (KAU) K-AgTech ലോഞ്ച് പാഡ്, കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി (KVASU) ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്റർ എന്നിവയുടെ സഹകരണത്തോടെ NABARD, WSU എന്നിവയുമായി ചേർന്നാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്. കോളേജ് വിദ്യാർത്ഥികൾക്കും 45 വയസ്സിൽ താഴെയുള്ള യുവാക്കൾക്കും ഐഡിയാത്തോൺ ഭാഗമാകാം. ഒന്നാം സമ്മാനം 10,000 രൂപ, രണ്ടാം സമ്മാനം 7,500 രൂപ മൂന്നാം സമ്മാനം: 5,000 രൂപ എന്നിങ്ങനെയാണ് സമ്മാന തുകൾ രജിസ്ട്രേഷൻ ഫീസ് വിദ്യാർത്ഥികൾക്ക് 100 രൂപയും, മറ്റുള്ളവർക്ക് 200 രൂപയുമായിരിക്കും. ആശയങ്ങൾ (Concept Note) സമർപ്പിക്കേണ്ട അവസാന തീയതി 2026 ജൂലൈ 30 ആണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി www.kagtechlaunchpad.com സന്ദർശിക്കുകയോ, 9995624888 എന്ന നമ്പറിലോ, info@kagtechlaunchpad.com എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിൽ ചിങ്ങം ഒന്ന് കർഷകദിനാചരണത്തിന്റെ ഭാഗമായി മരട് നഗരസഭയും കൃഷിഭവനും സംയുക്തമായി വിവിധ വിഭാഗങ്ങളിൽ കർഷകർക്ക് പുരസ്കാരങ്ങൾ നൽകും. ജൈവകൃഷി, വനിത, വിദ്യാർഥി, യുവ, മുതിർന്ന കർഷകൻ, എസ്സി എസ്ടി, ക്ഷീരം, പുഷ്പം, സമ്മിശ്രം, മട്ടുപ്പാവ് കൃഷി, വാഴക്കൃഷി, കൃഷി സംരംഭകത്വം എന്നീ വിഭാഗങ്ങളിലാണ് പുരസ്കാരം. അപേക്ഷകൾ ജൂലൈ 24 മുതൽ ഓഗസ്റ്റ് 4 വരെ മരട് കൃഷിഭവനിൽ നൽകാം. കൂടുതൽ വിവരങ്ങൾക്ക് 9383471163 എന്ന നമ്പറിൽ ബന്ധപ്പെടുക.

4. കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് ( KSBB ) 2025–ലെ സംസ്ഥാന ജൈവ വൈവിധ്യ സംരക്ഷണ പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു. സംസ്ഥാനത്തെ ജൈവവൈവിധ്യ സംരക്ഷണം, പാരമ്പര്യ അറിവുകളുടെ സംരക്ഷണം, ജൈവ വിഭവങ്ങളുടെ സുസ്ഥിര ഉപയോഗം, ജനകീയ പങ്കാളിത്തത്തോടെയുള്ള ജൈവ വൈവിധ്യ പരിപാലനം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയ വ്യക്തികൾ, കർഷകർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജൈവ വൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ, സന്നദ്ധ

സംഘടനകൾ എന്നിവരെ ആദരിക്കുന്നതിനായി വിവിധ വിഭാഗങ്ങളിലായി 15 ജൈവ വൈവിധ്യ പുരസ്ക്കാരങ്ങൾക്കാണ് അപേക്ഷ ക്ഷണിച്ചത്. അവാർഡിനുള്ള അപേക്ഷകൾ/നാമനിർദ്ദേശങ്ങൾ തപാൽ മാർഗം മാത്രമേ സ്വീകരിക്കുകയുള്ളൂ. പൂരിപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും 2026 ജൂലൈ 31–നകം ലഭ്യമാക്കണം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ ഫോമിനും ബോർഡിന്റെ വെബ് സൈറ്റയ www.kerlabloiversity.org സന്ദർശിക്കുകയോ 0471 2724740 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

5. 2026–27 സാമ്പത്തിക വർഷം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, കേരള **മിഷൻ ഫോർ ഇന്റേഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്) പദ്ധതിയിൽ** ഉൾപ്പെടുത്തി വിളവിസ്തൃതി വ്യാപനം/പുതിയ കൃഷിത്തോട്ടം സ്ഥാപിക്കലിന്റെ ഭാഗമായി വിവിധ ഹോർട്ടിക്കൾച്ചർ വിളകളുടെ വിസ്തൃതി വ്യാപനത്തിനായി ധനസഹായം നൽകുന്നു. ഈ ഘടകത്തിൽ ഒരു ഗുണഭോക്താവിന് പരമാവധി 2 ഹെക്ടറിൽ കൃഷി ചെയ്യുന്നതിനാണ് ധനസഹായം നൽകുന്നത്.

a) ഡ്രാഗൺ ഫ്രൂട്ടിന്റെ്റെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് പദ്ധതി ചെലവിന്റെ 40 ശതമാനമായ 2.70 ലക്ഷം രൂപ രണ്ട് വർഷകാലയളവിലായി ധനസഹായം നൽകുന്നു.

b) സ്ട്രോബറിയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ പരമാവധി 80,000/- രൂപ ധനസഹായം നൽകുന്നു.

c) പാഷൻ ഫ്രൂട്ടിന്റെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ പരമാവധി 1,10,000/- രൂപ ധനസഹായം 60:40 എന്ന അനുപാതത്തിൽ രണ്ട് വർഷങ്ങളിലായി നൽകുന്നു.

d) വാഴയുടെയും കൈതചക്കയുടെയും പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 44,000 രൂപ 60:40 എന്ന അനുപാതത്തിൽ രണ്ടു തവണകളായി ധനസഹായം നൽകുന്നു.

e) ടിഷ്യുകൾച്ചർ വാഴയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 70,000 രൂപ 60:40 എന്ന അനുപാതത്തിൽ രണ്ടു തവണകളായി ധനസഹായം നൽകുന്നു.

f) പപ്പായയുടെ പുതിയ കൃഷി തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായമായ 30,000 രൂപ 60:40 എന്ന അനുപാതത്തിൽ രണ്ടു വർഷങ്ങളിലായി 80 % അതിജീവന നിരക്കിന് വിധേയമായി നൽകുന്നു.

g) അവാക്കാഡോ, റംബൂട്ടാൻ, മാംഗോസ്റ്റീൻ, എന്നീ ഫലവർഗ്ഗ വിളകളുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുവാൻ മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 50,000/- രൂപ 60:40 എന്ന അനുപാദത്തിലും, 80% അതിജീവന നിരക്കിന് വിധേയമായി, പപ്പായ, പ്ലാവ്, കുടംപുളി എന്നി ഫലവർഗ്ഗ വിളകളുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുവാൻ മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 30,000/- രൂപ 60:40 എന്ന അനുപാദത്തിലും, 80ശതമാനമായ അതിജീവന നിരക്കിന് വിധേയമായി, മാവ്, പേര, നാരകം, മാതളം എന്നീ ഫലവർഗ്ഗ വിളകളുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുവാൻ മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 50,000/- രൂപ 60:40 എന്ന അനുപാദത്തിലും രണ്ടു വർഷങ്ങളിലായി 80% അതിജീവന നിരക്കിന് വിധേയമായി ധനസഹായം നൽകുന്നു.

h) മാവ്, പേര, നാരകം, മാതളം എന്നീ ഫലവർഗ്ഗ വിളകളുടെ അതി സാന്ദ്രതാ കൃഷിക്കായി നടീൽ വസ്തുക്കൾക്കും മറ്റ് ഉത്പാദനോപാദികൾക്കും വേണ്ടിയുള്ള ചെലവ് കണക്കിലെടുത്ത് 2 ഹെക്ടർ വരെയുള്ള സ്ഥലത്ത് 60:40 എന്ന നിരക്കിൽ 2 ഗഡുക്കളായി ലഭിക്കും.

i) അത്യുത്പാദന ശേഷിയുള്ള സങ്കരയിനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 24,000/– രൂപ ധനസഹായം നൽകും.

j) ഓപ്പൺ പോളിനേറ്റഡ് ഉള്ളിയുടേയും വെളുത്തുള്ളിയുടേയും കൃഷിക്കായി 2 ഹെക്ടർ വരെയുള്ള സമതല പ്രദേശങ്ങൾക്ക് പരമാവധി 40000 രൂപ വരെ ഒറ്റ ഗഡുവായി ലഭിക്കും.

k) കട്ട്ഫ്ളവർ (ഓർക്കിഡ്, ആന്തൂറിയം മുതലായ ) കൃഷിയ്ക്ക് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 50,000/– രൂപയും, ലൂസ് ഫ്ളവർ കൃഷിയ്ക്ക് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 20,000/–രൂപയും ധനസഹായം നൽകുന്നു.

l) ഇഞ്ചി, മഞ്ഞൾ എന്നിവയുടെ കൃഷിയ്ക്ക് ഹെക്ടറൊന്നിന് പദ്ധതി ചെലവിന്റെ 40 ശതമാനമായ 40,000/– രൂപയും, കുരുമുളക്, ജാതി മുതലായ ബഹു വർഷ സുഗന്ധ വിളകൾക്ക് മൊത്തം പദ്ധതി

ചെലവിന്റെ 40 ശതമാനമായ 40,000/-രൂപയും ധനസഹായം നൽകുന്നു.

m) കൃഷി ചെലവ് കൂടിയ വെറ്റില, റോസ്, റോസ് മേരി, ട്യൂബറോസ്, ജെറേനിയം, ചന്ദനം, മുല്ല മുതലായവ സുഗന്ധ തൈല വിളകളുടെ കൃഷിയ്ക്ക് 2 ഹെക്ടർ വരെയുള്ള സമതല പ്രദേശങ്ങൾക്ക് ഹെക്ടറിന് മൊത്തം പദ്ധതി ചിലവായ 1.25 ലക്ഷം രൂപയുടെ 40% എന്ന കണക്കിൽ ധനസഹായം നൽകുന്നു. മറ്റ് സുഗന്ധതൈലവിളകൾ കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് പദ്ധതി ചെലവിന്റെ 40 ശതമാനമായ 20,000/- രൂപ ധനസഹായം നൽകും.

n) ഔഷധ സസ്യ വിളകളുടെ കൃഷിക്കായി 2 ഹെക്ടർ വരെ, ഹെക്ടറിന് മൊത്തം പദ്ധതി ചിലവായ 1.5 ലക്ഷം രൂപയുടെ 40% സഹായം പരമാവധി 60,000/-രൂപ, **നടീൽ വസ്തുക്കളുടെ ചെലവ്** വഹിക്കുന്നതിനായി ലഭിക്കും.

o) കശുമാവ്, കൊക്കോ എന്നീ തോട്ടവിളകൾ ഇടവിളയായി കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 20,000 രൂപ 60:40 എന്ന അനുപാതത്തിൽ 80% അതിജീവന നിരക്കിന് വിധേയമായി രണ്ട് വർഷങ്ങളിലായി നൽകുന്നു.

മേൽ ആനുകൂല്യങ്ങൾ എല്ലാം തന്നെ അതാതു ജില്ലയിലെ ജില്ല ഹോർട്ടികൾച്ചർ മീഷൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ഇതിനായി അപേക്ഷകർ അതാത് കൃഷി ഭവനുമായി ബന്ധപ്പെടേണ്ടതാണ്.

6. കാർഷിക സർവകലാ ശാലയുടെ വിവിധ കാമ്പസുക ളിൽ നടത്തുന്ന ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ സയൻസസ്, ഡിപ്ലോമ ഇൻ ഓർഗാനിക് അഗ്രികൾച്ചർ എന്നീ കോഴ്സുക ളിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂലായ് 31 വരെ നീട്ടി. വിശദവി വരങ്ങൾക്കും ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും സർവകലാശാലയുടെ അഡ്മിഷൻ വെബ് പോർട്ടലായ www.admissions.kau.in സന്ദർശിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയത്ത് ബന്ധപ്പെടേണ്ട നമ്പർ: 0487–2438136.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയമായ വിളവെടുപ്പിലുള്ള പ്രത്യേക പരിശീലനം 2026 ജൂലൈ 27 മുതൽ 31

വരെയുള്ള തീയതികളിൽ നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ്ങ് കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്ങ് രീതികൾ, യന്ത്രവത്കൃത ടാപ്പിങ്ങ്, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഇടവേളകൂടിയ ടാപ്പിങ്ങ്, ഉത്തേജകഔഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9207485392 എന്ന ഫോൺനമ്പറിൽ ബന്ധപ്പെടുകയോ www.training.rubberboard.org.in www.rubberboard.gov.in, എന്നീ വെബ് സൈറ്റുകൾ സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.